

# എലിക്കാലം

സഊദ് ഹമദാനി വടുതല, ദമ്മാം

ഇപ്പോൾ
എലികളുടെ കാലമാണ്..!!
പൂച്ചക്ക് മണി കെട്ടിയത്
ആഘോഷിക്കുകയാണ്
പക്ഷേ...??
പൂച്ചകൾ മണികൾക്കെല്ലാം
സൈലൻസർ ഘടിപ്പിച്ചു കഴിഞ്ഞു

ഇപ്പോൾ ആമകളുടെ കാലമാണ്
അവരുടെ മനസ്സിൽ ലഡു പൊട്ടുകയാണ്
മുയലുകളെ ഓടി തോൽപിച്ചതോർത്ത്
പക്ഷേ..??
ആമകളുടെ മൂത്രസാമ്പിളുമായി
മുയലുകൾ ലാബിലാണ്

ഇപ്പോൾ ഞാഞ്ഞൂളുകളുടെ കാലമാണ്
മൂർഖനെ കൊന്നത് താനെന്ന ഭാവത്തിൽ
പക്ഷേ..??
കൂടെ ഉള്ളത് നിഴലുകളാണെന്ന്
അവ അറിയുന്നില്ല

ഇപ്പോൾ ചാനൽകാരുടെ കാലമാണ്
കാമറമാൻ ഗോപാലനൊപ്പം
സംഭവസ്ഥലത്ത് നിന്നും
റിപ്പോർട്ടർ റഷീദും ചേരുകയാണ്
അന്യന്റെ കുടുംബവഴക്കിന്റെ
എരിവും പുളിയും പകർന്ന് നൽകാൻ
പക്ഷേ..??
ഗോപാലന്റെ പീഡനകേസും
റഷീദിന്റെ കുടുംബവഴക്കും
കോടതി പരിഗണിക്കുന്നത്
നാളെയാണ്..!!

Vol. No: 70 Issue No. 2 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla